സിവിൽ സപ്ലൈസ് കോർപ്പറേഷനു വിതരണം ചെയ്ത പയറുസ് ആൻറ് സ്പൈസസ് ഗുണനിലവാരം

73 [2062] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബി ജോൺ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ ടെണ്ടർ നിബന്ധന പ്രകാരമുള്ള ഗുണനിലവാരമില്ലാത്ത കാരണത്താൽ 2004 ഒക്ടോബർ 1 മുതൽ 2005 ജൂൺ 30 വരെ പയറുസ് ആൻറ് സ്പൈസസ് ഇനങ്ങളുടെ എത്ര ലോഡുകൾ കോർപ്പറേഷൻ റിജക്ട് ചെയ്തിട്ടുണ്ട്;

(ബി) റിജക്ട് ചെയ്ത ലോഡുകൾ ആരുടേതൊക്കെയാണെന്നും ഏതൊക്കെ ഡിപ്പോകളിൽ ഏതൊക്കെ ഇനങ്ങളുടെ എത്ര ലോഡുകൾ വീതം ഏതൊക്കെ മാസങ്ങളിൽ റിജക്ട് ചെയ്തുവെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം ഗുണനിലവാരമില്ലാത്തതിൻറെ പേരിൽ റിജക്ട് ചെയ്ത എത്ര ലോഡുകൾ വീണ്ടും കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം സ്വീകരിച്ച ലോഡുകൾ ഏതെല്ലാം സപ്ലൈയേഴ്സിൻറെയാണെന്നും ഏതൊക്കെ ഇനങ്ങളുടെ എത്ര ലോഡുകൾ വീതമാണെന്നും ഏതൊക്കെ മാസങ്ങളിലാണെന്നും ഏതൊക്കെ ഡിപ്പോകളിലാണെന്നും വിശദമാക്കാമോ;

(ഇ) ഈ കാലയളവിൽ ഗുണനിലവാരമില്ലാത്ത കാരണത്താൽ ഏറ്റവും കൂടുതൽ ലോഡുകൾ റിജക്ട് ചെയ്യപ്പെട്ട ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായ സപ്ലൈയർമാർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും എത്ര ലോഡുകൾ വീതം റിജക്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) ഈ കാലയളവിൽ ഗുണനിലവാരമില്ലാത്തതിൻറെ പേരിൽ കോർപ്പറേഷൻ റിജക്ട് ചെയ്തതിനു ശേഷം വീണ്ടും സ്വീകരിക്കപ്പെട്ട ലോഡുകളുടെ ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായ സപ്ലൈയർമാർ ആരൊക്കെയാണെന്നും ഓരോരുത്തരുടെയും ഏതൊക്കെ ഇനങ്ങളുടെ എത്ര ലോഡുകൾ വീതം ഏതൊക്കെ ഡിപ്പോകളിൽ വീണ്ടും സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ജി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ടെണ്ടർ നിബന്ധന പ്രകാരമുള്ളതല്ലാത്തതിനാൽ മാത്രം സാധനങ്ങൾ സപ്ലൈ ചെയ്തവർക്കെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്നും അത് ഏതൊക്കെ സപ്ലൈയർമാരുടെ പേരിലാണെന്നും അവർ സപ്ലൈ ചെയ്തത് എന്തു സാധനമായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 83 ലോഡ് പയറുസ് ആൻറ് സ്പൈസസ് ഇനങ്ങൾ നിരസിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർക്കുന്നു. †
(സി) ഒരു ലോഡും വീണ്ടും സ്വീകരിച്ചിട്ടില്ല.
(ഡി) ബാധകമല്ല.

(ഇ) (1) ശേഷസായി ആൻറ് കമ്പനി—25 ലോഡ്. മുളക്
(2) എ.വി.കെ. ട്രേഡേഴ്സ്—7 ലോഡ് മുളക്, 5 ലോഡ് ചെറുപയർ, 2 ലോഡ് ഉഴുന്നുപൊളി
(3) കിസാൻ എൻറർപ്രൈസസ്—8 ലോഡ് മല്ലി, 1 ലോഡ് തുവര പരിപ്പ്, 1 ലോഡ് വൻകടല

(എഫ്) ഗുണനിലവാരമില്ലാത്തതിൻെറ പേരിൽ നിരസിച്ച ശേഷം ഒരു ലോഡും വീണ്ടും സ്വീകരിച്ചിട്ടില്ല.

(ജി) 10 കേസുകൾ എടുത്തിട്ടുണ്ട്. പേരും കേസ് നമ്പരും താഴെ കൊടുക്കുന്നു:

	സപ്ലൈയറുടെ പേര്	ഇനം	കേസ് നമ്പർ
1.	അർജുൻ ഹെർബൽ പ്രോഡക്ട്സ്	ടെണ്ടർ പ്രകാരം മുഴുവൻ സാധനങ്ങളും തരാതിരുന്നതിന്	207/01
2.	അയേം സിൻഡിക്കേറ്റ്	,,	237/01
3.	സായ് തേജ എൻറർപ്രൈസസ്, കുമ്പം	,,	414/02
4.	ആര്യാ ട്രാൻസ്	,,	291/03
5.	കോമളാ ട്രേഡിംഗ്	,,	346/03
6.	റഹ്മത്ത് സ്റ്റോഴ്സ്	ടെണ്ടർ പ്രകാരം പച്ചക്കറികൾ തരാതിരുന്നതിന്	601/03
7.	സി. എസ്. ഷാൻവാസ്	,,	455/04
8.	ശ്രാവൺ കുമാർ ട്രേഡേഴ്സ്	സിവിൽ സപ്ലൈസിലെ 2002-04 കാലഘട്ടത്തിലെ അഴിമതികളെക്കുറിച്ച്	10007/03
9.	എ.വി.കെ. ട്രേഡേഴ്സ്	ടെണ്ടർ പ്രകാരം സാധനങ്ങൾ നൽകാതിരുന്നതിന്	52/05
10.	ധനലക്ഷ്മി ട്രേഡേഴ്സ്	4 കോടി രൂപ വിലയുള്ള 8 ഇനത്തിന് ഓർഡർ കിട്ടിയ ശേഷം ഒന്നും നൽകാതെ പോയതിന്	972/04

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന

74 [2063] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly